# STD - III

## അദ്ധ്യാപക സഹായി

## പാഠം - അഞ്ച്   സഭാ ശുശ്രൂഷകർ   ഭാഗം - ഒന്ന്

### ലക്ഷ്യം

സഭയ്ക്കുവേണ്ടി സർവ്വവും സമർപ്പിച്ച് ജീവിക്കുന്നവരാണ് സഭാ ശുശ്രൂഷകർ. തിരുസഭയിലെ ഒരംഗമായി ഞാൻ സഭാ ശുശ്രൂഷകരോട് ചേർന്നുനിന്നുകൊണ്ട് വീടിനും നാടിനും നന്മകൾ ചെയ്യും.

### പഠനസഹായികൾ

* വചനം - മർക്കോ. 3:13-19 - അപ്പസ്തോലന്മാരെ തെരഞ്ഞെടുക്കുന്നു.
* വചനം - മത്താ. 16:18-20 - പത്രോസിനെ സഭാതലവനായി അധികാരപ്പെടുത്തുന്നു.
* വചനം - അപ്പ. 7:54-60 - സ്തെഫാനോസിനെ വധിക്കുന്നു.
* ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റേയും, ആന്റണി വാലുങ്കൽ പിതാവിന്റേയും ചിത്രങ്ങൾ
* മാർപാപ്പ മുതൽ അല്മായർ വരെയുള്ള സഭാശുശ്രൂഷകർ - പിരമിഡ്പോലെ തയ്യാറാക്കിയ ചാർട്ട്

### പാഠത്തിന്റെ ഉള്ളടക്കം

* ഈശോയ്ക്ക് 12 ശിഷ്യന്മാരുണ്ടായിരുന്നു.
* അപ്പസ്തോലൻ അർത്ഥം അയയ്ക്കപ്പെട്ടവൻ
* യേശുവിന്റെ ശിഷ്യന്മാരിൽ പ്രധാനി പത്രോസാണ്. പത്രോസ് അർത്ഥം പാറ.
* നമ്മുടെ ഇപ്പോഴത്തെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ. 266-ാമത്തെ പാപ്പയാണ്.
* പത്രോസാകുന്ന പാറമേൽ പണിതീർത്തതാണ് നമ്മുടെ സഭ.
* മെത്രാന്മാരെ സഹായിക്കാൻ ചുമതലപ്പെട്ടവരാണ് വൈദികർ. തിരുപ്പട്ടം എന്ന കൂദാശവഴി അഭിഷിക്തരായവരാണ്.
* സന്യസ്തർ സ്വീകരിക്കുന്ന 3 വ്രതങ്ങൾ - ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം.
* വൈദികരും സന്ന്യസ്തരുമല്ലാത്ത ക്രിസ്തീയ വിശ്വാസികളാണ് അല്മായർ.

## പ്രാർത്ഥന

ദൈവമേ, സഭയെ നയിക്കുന്ന എല്ലാ സഭൂശുശ്രൂഷകരേയും അങ്ങേ കൃപയാൽ നിറയ്ക്കണമേയെന്ന് പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. അപ്പസ്തോലൻ എന്ന വാക്കിന്റെ അർത്ഥം?
2. പത്രോസ് എന്ന വാക്കിന്റെ അർത്ഥം?
3. നമ്മുടെ അതിരൂപതയിലെ മെത്രാന്മാരുടെ പേരുകൾ എന്ത്?
4. സന്യസ്തർ സ്വീകരിക്കുന്ന മൂന്നു വ്രതങ്ങൾ ഏവ?
5. എത്രാമത്തെ മാർപ്പാപ്പയാണ് ഫ്രാൻസീസ് പാപ്പ?

# STD - III

## അദ്ധ്യാപക സഹായി

## പാഠം - അഞ്ച്   സഭാ ശുശ്രൂഷകർ    ഭാഗം - രണ്ട്

### ലക്ഷ്യം

നമ്മുടെ വിശുദ്ധീകരണത്തിനുവേണ്ടി സഭ നൽകിയിരിക്കുന്ന നിയമങ്ങളാണ് തിരുസഭയുടെ കല്പനകൾ എന്നറിയപ്പെടുന്നത്. ഞാൻ തിരുസഭയുടെ കല്പനകൾ പാലിച്ച് വിശുദ്ധിയിൽ ജീവിക്കും. വിശുദ്ധ സ്റ്റീഫനെപോലെ ധൈര്യപൂർവ്വം ക്രിസ്തുവിന് സാക്ഷ്യംവഹിക്കും.

### പഠനസഹായികൾ

* ക്രൈസ്തവ സഭയിലെ ആദ്യത്തെ രക്തസാക്ഷി - വി. സ്റ്റീഫൻ - ചിത്രം - യൂട്യൂബ് വീഡിയോ
* തിരുസഭയുടെ കല്പനകൾ എഴുതിയ ചാർട്ട്.
* യൂട്യൂബ് 'തിരുസഭയുടെ കല്പനകൾ' പാട്ട് - ഫാ. ഷാജി തുമ്പേചിറയിൽ

### പാഠത്തിന്റെ ഉള്ളടക്കം

* സഭയിലെ ആദ്യത്തെ രക്തസാക്ഷി - വിശുദ്ധ സ്റ്റീഫൻ
* തിരുസഭയുടെ കല്പനകൾ

### പ്രാർത്ഥന

ഈശോയെ, അവിടുന്ന് നൽകിയ പത്ത് പ്രമാണങ്ങളും തിരുസഭയുടെ അഞ്ച് കല്പനകളും അനുസരിച്ചുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം വഹിച്ചു ജീവിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

### ചോദ്യങ്ങൾ

1. തിരുസഭയുടെ കല്പനകൾ എത്ര?
2. തിരുസഭയുടെ കല്പനകളിൽ കുർബാനയെക്കുറിച്ചുള്ള കല്പന എന്താണ്?
3. സഭയിലെ ആദ്യത്തെ രക്തസാക്ഷി ആര്?
4. രക്തത്തിൽ കുളിച്ച് നിലത്തുവീണു പിടഞ്ഞു മരിക്കുന്നതിനുമുമ്പ് വിശുദ്ധ സ്റ്റീഫൻ എന്താണ് ദൈവത്തോട് യാചിച്ചത്?
5. അപ്പസ്തോലൻ എന്ന വാക്കിന്റെ അർത്ഥമെന്ത്?